**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1785** **29-09-2025 - ൽ മറുപടിയ്ക്ക്**

**നാലുവർഷ ബിരുദ കോഴ്സുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. എ. കെ. എം. അഷ്‌റഫ്,<br>ശ്രീ. എൻ. ഷംസുദ്ദീൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ആരംഭിച്ച നാലുവർഷ ബിരുദ കോഴ്സുകൾ ഫലപ്രദമായി നടപ്പാക്കാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ടോ; എങ്കിൽ ഇക്കാര്യം പരിശോധിച്ചിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് ആരംഭിച്ച നാലുവർഷ ബിരുദ പ്രോഗ്രാം വിജയകരമായി മുന്നോട്ടുപോകുകയാണ്. |
| (ബി) | പ്രസ്തുത കോഴ്സുകളുടെ സിലബസ് നൂതന വ്യവസായ മേഖലകളുമായി ബന്ധിപ്പിച്ച് തൊഴിൽ നൈപുണ്യം നേടുന്ന രീതിയിൽ രൂപകല്പന നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (ബി) | നാലുവർഷ ബിരുദ പദ്ധതിയുടെ ഫൗണ്ടേഷൻ കോഴ്സുകളുടെ പട്ടികയിൽ സ്കിൽ കോഴ്സുകൾക്ക് വലിയ പ്രാധാന്യമാണ് നൽകിയിട്ടുള്ളത്. ഇതോടൊപ്പം തന്നെ പ്രോജക്റ്റ്/ഇന്റേൺഷിപ്പ് തുടങ്ങിയവയുടെ സാധ്യതകളും പ്രയോജനപ്പെടുത്തുന്നുണ്ട്. എല്ലാ സർവകലാശാലകളിലും കോളേജുകളിലും ഇതിൻറെ ഭാഗമായി സെന്റർ ഫോർ സ്കിൽ ഡെവലപ്മെൻറ് കോഴ്സ് & കരിയർ പ്ലാനിങ് (CSDCCP) കേന്ദ്രങ്ങൾ സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>നിലവിൽ അസാപ് കേരള, ഐ.എച്ച്.ആർ.ഡി., ഐ.സി.ടി. അക്കാദമി, കെൽട്രോൺ, സെന്റർ ഫോർ കണ്ടിന്യൂയിങ് എഡ്യൂക്കേഷൻ-കേരള, എൽ.ബി.എസ്, സി-ആപ്റ്റ്, റുട്രോണിക്സ് തുടങ്ങിയ എട്ട് സർക്കാർ ഏജൻസികളെ ആണ് ഈ കേന്ദ്രങ്ങൾ തുടങ്ങാൻ സർക്കാർ എംപാനൽ ചെയ്തിട്ടുള്ളത്. |
| (സി) | നാലുവർഷ കോഴ്സുകളുടെ ന്യൂനതകൾ പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നു വിശദമാക്കാമോ? | (സി) | സംസ്ഥാനത്ത് ആരംഭിച്ച നാലുവർഷ ബിരുദ കോഴ്സുകളുടെ നടത്തിപ്പ് വളരെ മികച്ച രീതിയിലാണ് മുന്നോട്ടു പോകുന്നത്. ഇക്കാര്യത്തിൽ ന്യൂനതകളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. FYUGP കോഴ്സുകളുടെ അവലോകനത്തിനു വേണ്ടി ഡോ. സുരേഷ് ദാസ് അധ്യക്ഷനായ കമ്മിറ്റി സംസ്ഥാനതലത്തിൽ പ്രവർത്തിച്ചുവരുന്നു. ഉന്നതവിദ്യാഭ്യാസ കൗൺസിൽ അദ്ധ്യക്ഷ കൂടിയായ ബഹു. ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ |

| | | | |
|---|---|---|---|
| | | | നേതൃത്വത്തിൽ FYUGP നടപ്പിലാക്കുന്നത് സംബന്ധിച്ച് കൃത്യമായ ഇടവേളകളിൽ, സർവകലാശാലകളെയും മറ്റ് ബന്ധപ്പെട്ടവരെയും ഉൾപ്പെടുത്തി അവലോകന യോഗങ്ങൾ നടത്തിവരുന്നു.<br><br>നാലുവർഷ ബിരുദം നടപ്പാക്കുന്ന സമയത്ത് സർവകലാശാലകളിൽ നിന്നും അഫിലിയേറ്റഡ് കോളേജുകളിൽ നിന്നും എന്തെങ്കിലും തരത്തിലുള്ള പ്രശ്നങ്ങൾ ഉയർന്നു വന്നാൽ അവ സമയബന്ധിതമായി പരിഹരിക്കുന്നതിനും, സർവകലാശാലകളിലെ അക്കാദമിക് പ്രവർത്തനങ്ങൾ സംസ്ഥാന തലത്തിൽ അംഗീകരിച്ച ഏകീകൃത അക്കാദമിക് കലണ്ടറിനനുസൃതമായി നടക്കുന്നു എന്നുറപ്പുവരുത്തുന്നതിനും, നാലുവർഷ ബിരുദ പ്രോഗ്രാമിന്റെ പുരോഗതി വിലയിരുത്തുന്നതിനും സംസ്ഥാനതലത്തിൽ ഒരു FYUGP മോണിറ്ററിങ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. FYUGP പദ്ധതി നടപ്പിലാക്കുന്ന കാര്യത്തിൽ കൃത്യമായ പഠനങ്ങളും അവലോകനങ്ങളും നടത്തി രാജ്യത്തിന് തന്നെ മാതൃകാപരമായ പ്രവർത്തനമാണ് സംസ്ഥാനം ഈ രംഗത്ത് കാഴ്ചവയ്ക്കുന്നത്. |

സെക്ഷൻ ഓഫീസർ